# HIDAYATHUL ISLAM
## LP SCHOOL ERANHIKKAL

### സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

### 2025-26



എരഞ്ഞിക്കൽ

**കോഴിക്കോട്**

# സ്കൂൾ ഫാക്കൽറ്റി



**RAFEEQ T P**
Headmaster

**ABDU SAMAD**
Manager



**ALEENA RIJOY**
PTA President



**SHAJIRA**
MPTA President



**AMBILI S**
Teacher



**SHABNA ALI**
Teacher



**AFEEFA**
Teacher



**HADI NOOR**
Teacher

# ആമുഖം

**പൊതു വിദ്യാലയങ്ങൾ  മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്ന തിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൌദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.**

**പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.**

**വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.**

**പി.ടി.എ. പ്രസിഡ്**

**ഹെഡ്മാസ്റ്റർ**

**എം ടി എ പ്രസിഡ്**

# എച് ഐ എൽ പി സ്കൂൾ എരഞ്ഞിക്കൽ

കോഴിയക്കോട് ജില്ലയിലെ ചേവായൂർ ഉപജില്ലയിൽപെട്ട ഹിദായത്തുൽ ഇസ്ലാം എൽ പി സ്കൂൾ കോഴിക്കോട് കോർപ്പറേഷനിലെ എരഞ്ഞിക്കൽ എന്ന പ്രേദേശത്താണ് സ്ഥിതിചെയുന്നത്. 1946 ൽ പള്ളികമ്മറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ എയ്ഡഡ് സ്കൂളിന്റെ അന്നത്തെ ഉദ്ദേശം മുസ്ലിം പെൺകുട്ടികൾക് വിദ്യാഭ്യാസവും അറബിക് പഠന സൗകര്യവും ഉറപ്പുവരുത്തുക എന്നതായിരുന്നു. ആദ്യകാലം മാപ്പിള സ്കൂളായി അറിയപ്പെട്ടിരുന്ന ഈ വിദ്യാലയം പിന്നീട് ജനറൽ കലറിലേക് മാറ്റപ്പെട്ടു.

ആധുനിക രീതിയിൽ പുനരുദ്ധാരണം ചെയ്യപ്പെട്ട ഈ സ്കൂൾ ഇന്നും പഠന പഠ്യേതര രംഗങ്ങളിൽ മികച്ച നിലവാരം പുലർത്തിപോരുന്നത് ഇവിടുത്തെ നാട്ടുകാരുടെയും മാനേജ്മെന്റിന്റെയും പി ടി എ യുടെയും ഒറ്റക്കെട്ടായ പ്രവർത്തനം ആണെന്ന് സന്തോഷപൂർവം സ്മരിക്കുന്നു

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എച് ഐ എൽ പി സ്കൂൾ എരഞ്ഞിക്കൽ |
| മേൽവിലാസം | : | എരഞ്ഞിക്കൽ P O<br>കോഴിക്കോട് 673303<br>കോഴിക്കോട് |
| ഫോൺ | : | 9048064520 |
| സ്കൂൾ കോഡ് | : | 17423 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേവായൂർ |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| യു.ആർ.സി | : | നടക്കാവ് |
| സി.ആർ.സി. | : | എരഞ്ഞിക്കൽ |
| കോർപറേഷൻ | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | എലത്തൂർ |
| ലോകസഭാമണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| ഇമെയിൽ വിലാസം | : | hilpsekl@gmail.com |
| ഇൻസ്റ്റാഗ്രാം | : | hilps_eranhikkal |
| യൂട്യൂബ് | : | HILPS Eranhikkal |
| സ്കൂൾ വിക്കി | : | |

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേ പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3.' ഒരു കുട്ടിയും പിന്നോക്കമാവരുത് ' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. കമ്പ്യൂട്ടർ ലാബ് ആധുനികവത്കരിക്കും.

7. ഒന്നാം ക്ലാസ് മുതൽ 40 ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

8. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

9. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

10. കൃഷി, ഓഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

11. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

12. പോക്സോ സംബന്ധമായ ബോധവൽക്കരണം.

13. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തര ത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും (പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വത്ര്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വത്ര്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകര ണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിത്രകിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനഷെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ ലപ്രകിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യ തകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പ ന്നങ്ങളോ ഉാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി /പഠനവുമായി പ്രവ്യത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കത്തെുക.
2. കലാഭിരുചി വളർത്തുക.
3, ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോധ്യ കായിക വിദ്യാദ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉാക്കുക.
4. വിദ്യാലയം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊുകൊ് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# പ്രവർത്തന പദ്ധതികൾ
## മലയാളം

**പ്രവർത്തനം : 1**

**പേര്** : പുസ്തകം എന്റെ ചങ്ങാതി

**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1) വായനമൂല ക്ലാസ് ലൈബ്രറി രൂപീകരണം<br>3,4 ക്ലാസുകൾക്ക് ആഴ്ചയി ലൊരിക്കൽ പുസ്തക വിത രണം<br>1,2 ദിവസവും ഗ്രൂപ്പിൽ വായന കാർഡ് നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര്** : പിറന്നാൾ ദിനത്തിൽ ലൈബ്രറിക്കായ്

**ഉപമേഖല** : വായന ശീലം വളർത്താം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ ക്ലാസ്സിലും ലൈബ്രറി ലഭ്യമാക്കുക | പിറന്നാൾ പുസ്തകം പരിപാടിയി ലൂടെ പുസ്തകം ശേഖരിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര്** : പത്രത്താളുകളിലൂടെ

**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണമായി വായിക്കാൻ കുട്ടിക്ക് കഴിയുന്നു. | മൈക്കിലൂടെ ഓരോ ദിവസവും ഓരോ കുട്ടി വീതം പത്രവായന നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : കഥ കേൾക്കാം പറയാം

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാനഭാഷ ശേഷി വികസനം | 1,2 ക്ലാസ്സുകളിലെ കുട്ടികൾക്ക് അമ്മമാർ കഥ പറഞ്ഞു കൊടുക്കുന്നു .കേട്ട കഥ കുട്ടി ക്ലാസ്സിലാവതരിപ്പിക്കുന്നു . 3,4 ക്ലാസ്സിൽ വാട്സപ് ഗ്രൂപ്പിൽ കഥ നൽകുന്നു . കഥ കേട്ട് വായന കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശബ്ദ വ്യതിയാന ത്തോടെയുള്ള വായന പരിപോഷിക്കൽ | 1 മുതൽ 4 വരെ ക്ലാസുകളിൽ ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജന പ്പെടുത്തുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : വായന കോർണർ

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ശീലം വളർത്തുക | ഒഴിവ് സമയങ്ങളിൽ വായനക്കായി 1,2 ക്ലാസ്സു കളിൽ വായന കാർഡുകളും 3,4ക്ലാസ്സുകളിൽ പുസ്ത കങ്ങളും ശേഖരിച്ച് വായന മൂല ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 7

പേര് : മലയാളത്തിളക്കം

ഉപമേഖല : വായന ,എഴുത്ത്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>പ്രീ ടെസ്റ്റ്<br>അക്ഷരം ,ചിഹ്നം ഉറപ്പിക്കൽ<br>പിന്നോക്ക ക്ലാസ് | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 8

പേര് : പത്ര ക്വിസ്

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാശീലം വളർത്തൽ | ദിവസവും പത്രത്തിൽ നിന്നുള്ള ചോദ്യം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ പത്രം വായിച്ചു ഉത്തരം കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 9

പേര് : എന്റെ ഡയറി

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അനുഭവങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കൽ | 1,2 ക്ലാസ്സുകളിൽ സംയുക്ത ഡയറി എഴുതൽ, ചിത്രീകരണം<br>3,4ക്ലാസ്സുകളിൽ സർഗാത്മക ഡയറി | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ് കരിക്കുന്നതിന് | ചെറിയ വിഷയങ്ങൾ നൽകി കഥ ,കവിത ,സംഭാഷണം എന്നിവ രചിക്കൽ | ജൂൺ മുതൽ മാർച്ച് | ഭാഷ ക്ലബ് | |

പ്രവർത്തനം : 11

പേര് : സർഗ്ഗ വേള

ഉപമേഖല : പ്രകടനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ആവിഷ്കാരങ്ങൾ പ്രകടിപ്പിക്കുന്നതിന് | കുട്ടികളുടെ വിവിധ ആവിഷ് കാരങ്ങൾ (കഥ ,കവിത ,റോൾ പ്ലേ...) ചെറു സദസ്സിനു മുന്നിൽ അവതരിപ്പിക്കൽ | ആഴ്ചയിലൊരിക്കൽ | ക്ലാസ് ടീച്ചർ | |

# ENGLISH

**പ്രവർത്തനം : 1**

**പേര്** : ഇംഗ്ലീഷ് അസംബ്ലി

**ഉപമേഖല** : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര്** : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസ്സുകളിൽ )

**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തി ലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര്** : റീഡിങ് കാർഡ് വർക്ക് ഷീറ്റ്

**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ഗ്രൂപ്പിലുള്ള വായന ലേ ഖനത്തിനായി വർക്ക് ഷീറ്റ് പങ്കിടൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : വർക്ക് ഷീറ്റ് വർക്ക് ഷീറ്റ്

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | ക്ലാസ് ടീച്ചർ | |

# ഗണിതം

**പ്രവർത്തനം : 1**

**പേര്** : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല

**ഉപമേഖല** : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര്** : ഗണിതമൂല

**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര്** : യൂണിറ്റ് വിലയിരുത്തൽ

**ഉപമേഖല** : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേ ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം ്നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂലൈ | ക്ലാസ് ടീച്ചർ | |

# അറബിക്

പ്രവർത്തനം : 1

പേര് : ലോക ഭാഷ അറബി ഭാഷ

ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>മുന്നറിവ് പരിശോധിക്കുക<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാ കളികൾ | 2 മാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : അറബി വായനോത്സവം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | വായനാ മത്സരം ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>വായാനാകുറിപ്പുകൾ<br>അറബിക്<br>പത്രവായന/റേഡിയോ | ജൂൺ മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3

പേര് : അറബി രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | പതിപ്പുകളുടെ നിർമാണം<br>വായനാകുറിപ്പ് ശേഖരണം<br>ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>ഭാഷാകളികൾ | ജൂൺ മാർച്ച് | അറബി ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം : 1**

**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്**

**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര് : പരീക്ഷണകിറ്റ്**

**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര് : പരീക്ഷണോത്സവം**

**ഉപമേഖല : ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മന ശാസ്ത്രപര മായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

# നന്ദി

അക്കാദമികമാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾക്ക് പുറമെ ക്ലാസ്സ് റൂം പഠനപ്രവർത്തനങ്ങൾ കൂടി വരുമ്പോഴാണ് ഒരധ്യയനവർഷം വിജയകരമായി പൂർത്തിയാവുന്നത് . അക്കാദമിക മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനങ്ങളും ടഞഏ യിൽ ചർച്ച ചെയ്ത് സമയ ബന്ധിതമായി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ് . നമ്മുടെ വിദ്യാലയത്തിന്റെ തിളക്കമാർന്ന പ്രവർത്തനത്തിന് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മുതൽ ക്കൂട്ടാവുമെന്ന പ്രതീക്ഷയോടെ 202526 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു .ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി ....